## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 969** | **05.03.2018-ന് മറുപടിയ്ക്ക്**

## മലബാർ മേഖലയിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്ന സാഹചര്യത്തിൽ, മലബാർ മേഖലയിലെ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) എങ്കിൽ അത്തരം സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിനും സ്കൂളുകൾ വികസിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എ) & (ബി) ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ചിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും മൂന്നുകോടി രൂപയുടെ സാമ്പത്തിക സഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ എൽപി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് 140 സ്കൂളുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പ്രയോജനം മലബാർ മേഖലയിലെ സ്കൂളുകൾക്കും ലഭ്യമാകുന്നതാണ്.<br><br>കൂടാതെ വിദ്യാഭ്യാസ വകുപ്പിനായി വർഷാവർഷം നീക്കിവച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽ ലഭ്യമായ തുകകൾ പ്രയോജനപ്പെടുത്തിക്കൊണ്ടും എം.എൽ.എമാരുടെ നിയോജക മണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ടും പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ